LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമം

*8 [38] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ പല ഭാഗങ്ങളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മഴക്കാലത്തുപോലും ജലക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) നഗരത്തിലെ ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയതായി നിലവിൽ വരാനുള്ള കുടിവെള്ള വിതരണ പദ്ധതികൾ ഏതൊക്കെയാണ്?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്.

(ബി, സി, ഡി) ഇതുസംബന്ധിച്ച വിശദവിവരങ്ങൾ താഴെപ്പറയുന്നു:

1. തിരുവനന്തപുരം ശുദ്ധജലവിതരണ പദ്ധതിയുടെ താൽക്കാലിക വിപുലീകരണം വഴി രൂക്ഷജലക്ഷാമം അനുഭവപ്പെടുന്ന തിരുവനന്തപുരം നഗരത്തിലെ തീരപ്രദേശങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലേയും നഗര പ്രാന്തപ്രദേശങ്ങളിലേയും 2.30 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിക്കാനുതകുന്ന 10.15 കോടി രൂപ മതിപ്പുള്ള 13 ഉപപദ്ധതികളുടെ പണികൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.† തലസ്ഥാന വികസന പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന ഈ പദ്ധതികൾ 2004 നവംബർ മാസത്തിൽ പൂർത്തീകരിക്കാൻ കഴിയുന്ന വിധമാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്.

2. പ്രതിദിനം 5 ദശലക്ഷം ലിറ്റർ ശേഷിയുള്ള തൃക്കണ്ണാപുരം, മുടവൻമുഗൾ മേഖലകളിലേക്കുള്ള ശുദ്ധജല പദ്ധതിയുടെ സ്രോതസ്സിന്റെ പണി പൂർത്തിയാവുകയും, റാ വാട്ടർ പമ്പിംഗ് മെയിനിന്റെ പണികൾ പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. ജലശുദ്ധീകരണശാലയുടെ പണി തുടങ്ങിക്കഴിഞ്ഞു. ക്ലിയർ വാട്ടർ ഗ്രാവിറ്റി ലൈനിന്റെ പണികളും നടന്നുവരുന്നു. ഈ പദ്ധതി 2005 ഏപ്രിൽ മാസത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

3. തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശത്തെ തിരുമല മേഖലയിലെ ഉയർന്ന പ്രദേശങ്ങളായ കല്ലുമല, പമ്മന്തല, കുരുവിക്കാട്, പാറമല, തൃക്കണ്ണാപുരം, പി.റ്റി.പി. നഗർ, മുടവൻമുഗൾ, പുജപ്പുര, തമലം എന്നീ സ്ഥലങ്ങളിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കാൻവേണ്ടി തിരുമല ശുദ്ധജല പദ്ധതി നടപ്പിലാക്കിവരുന്നു. തിരുമല പദ്ധതിയുടെ ഭാഗമായി 16 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണശാലയുടെ പ്രവർത്തനം പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്.

† അനുബന്ധം II

4. തിരുവനന്തപുരം നഗരവും, ശ്രീകാര്യം, കുടപ്പനക്കുന്ന്, വട്ടിയൂർക്കാവ് എന്നീ പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിനായി ജെ.ബി.ഐ.സി. ധനസഹായത്തോടെ ഒരു ബൃഹത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

തീരപ്രദേശങ്ങളെ കടലാക്രമണത്തിൽ നിന്ന് സംരക്ഷിക്കാൻ പദ്ധതികൾ

*9 [39] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:
" കെ. കുട്ടി അഹമ്മദ്കുട്ടി:
" പി. കെ. അബ്ദുറബ്ബ്:
" സി. മമ്മൂട്ടി:
" പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽത്തീരപ്രദേശങ്ങളെ കടലാക്രമണത്തിൽ നിന്നു രക്ഷിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) തീരദേശ സംരക്ഷണത്തിനായി കടൽഭിത്തി നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നത് ഏതെല്ലാം പ്രദേശങ്ങളിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള കടൽഭിത്തികളുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) കടൽത്തീരപ്രദേശങ്ങളെ കടലാക്രമണത്തിൽ നിന്നും രക്ഷിക്കാനായി കടൽഭിത്തി നിർമ്മാണവും നിലവിലുള്ള കടൽഭിത്തികളുടെ അറ്റകുറ്റപ്പണികളും നടത്തിവരുന്നു. എറണാകുളം ജില്ലയിലെ വൈപ്പിൻ, ചെല്ലാനം ദ്വീപുകളിൽ കടലാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി പുലിമുട്ടുകളും നിർമ്മിച്ചുവരുന്നു.

(ബി) തിരുവനന്തപുരം ജില്ലയിൽ വലിയതുറ, പെരുമാതുറ, പുതുക്കുറിച്ചി, താഴെപ്പള്ളി, കാപ്പിൽ, ഓടയം. കൊല്ലം ജില്ലയിൽ ആലപ്പാട്, ശക്തികുളങ്ങര കടവ്, ആറാട്ടുപുഴ, പെരുംപള്ളി. ആലപ്പുഴ ജില്ലയിൽ വണ്ടാനം, ആനന്ദേശ്വരം, കാട്ടൂർ, ഒറ്റമശ്ശേരി, കക്കാഴം, പള്ളിത്തോട്. എറണാകുളം ജില്ലയിൽ വൈപ്പിനിൽ ഞാറക്കൽ, നായരമ്പലം, എടവനക്കാട്, പള്ളിപ്പുറം എന്നിവിടങ്ങളിലും ചെല്ലാനത്ത് പാളത്തോട്, കണ്ണമാലി, I.N.S., മറുവക്കാട്, ഗുണ്ടുപറമ്പ് എന്നിവിടങ്ങളിലും കടൽഭിത്തി നിർമ്മാണം നടന്നുവരുന്നു. കൂടാതെ തൃശ്ശൂർ ജില്ലയിൽ അഞ്ചങ്ങാടി, മുനക്കടവ്, ചേറ്റുവ അഴിയുടെ തെക്കേഭാഗം, മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലെ പടിഞ്ഞാറെക്കര കോഴിക്കോട് ജില്ലയിൽ ചിറങ്ങായി, കക്കാട്ടുപള്ളി, മാറാട്, കണ്ണൂർ ജില്ലയിൽ മാട്ടൂർ, തെയ്യിൽ, പരിമടം, മുഴപ്പിലങ്ങാട്, തലശ്ശേരി, കാസർഗോഡ് ജില്ലയിൽ കോയിപ്പാടി, കാവുഗോളി, ചെംപരിക്ക, സരിക്ക, ഷെറിയ എന്നീ സ്ഥലങ്ങളിലും കടൽഭിത്തി നിർമ്മാണം പുരോഗമിക്കുന്നുണ്ട്.

(സി) പ്രവർത്തിയുടെ അടിയന്തിര സ്വാഭാവവും, ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് കടൽഭിത്തികളുടെ അറ്റകുറ്റപ്പണികൾ നടത്തുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[29-6-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *8 (38) ദയവായി കാണുക]

തിരുവനന്തപുരം ജലവിതരണ പദ്ധതി—താൽക്കാലിക വീപുലീകരണം—ഉപപദ്ധതികൾ

1. വള്ളക്കടവിൽ പാർവ്വതിപുത്തനാറിന് ഇരുവശമുള്ള പൈപ്പുകളെ തമ്മിൽ യോജിപ്പിക്കുന്ന പണി.
2. കമലേശ്വരം മുതൽ അമ്പലത്തറവരെ 1866 മീറ്റർ നീളത്തിൽ പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്ന ജോലി.
3. വള്ളക്കടവ് എയർപോർട്ട് കോമ്പൗണ്ട് മുതൽ മുട്ടത്തറ ബംഗ്ലാദേശ് കോളനിവരെ 955 മീറ്റർ നീളത്തിൽ പൈപ്പ് സ്ഥാപിക്കുന്ന ജോലി.
4. മുട്ടത്തറ-വലിയതുറ റോഡിന് ഇരുവശവുമുള്ള ജലവിതരണ പൈപ്പുകൾ മാറ്റി സ്ഥാപിച്ച് കൂടുതൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള ജോലി.
5. ആശാൻ നഗർ, പടിഞ്ഞാറേക്കോട്ട തുടങ്ങിയ പ്രദേശങ്ങളിൽ പുതിയ പൈപ്പുകൾ സ്ഥാപിച്ച് ഗാർഹിക കണക്ഷനുകൾ മാറ്റി സ്ഥാപിക്കുന്ന ജോലി.
6. (എ) ബംഗ്ലാദേശ് കോളനി മുതൽ വലിയതുറ ജംഗ്ഷൻവരെ 860 മീറ്റർ നീളത്തിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ.

   (ബി) അമ്പലത്തറനിന്നും പുന്തുറയിൽ എസ്.എം. ലോക്ക് ജംഗ്ഷൻവരെ 600 മീറ്റർ നീളത്തിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ.
7. വലിയതുറ ജംഗ്ഷൻ മുതൽ എയർപോർട്ട് ജംഗ്ഷൻവരെ 1632 മീറ്റർ നീളത്തിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ.
8. വയലിക്കട മുതൽ മെഡിക്കൽ കോളേജ് വരെ പഴയ കോൺക്രീറ്റ് പൈപ്പ് മാറ്റി 4420 മീറ്റർ നീളത്തിൽ പുതിയ ലൈൻ സ്ഥാപിക്കൽ.
9. ചെട്ടിക്കുന്നിനും സമീപ പ്രദേശങ്ങൾക്കുമായി മുറിഞ്ഞപാലത്തിനു സമീപം ജല സംഭരണി, പമ്പ് ഹൗസ്, ചെട്ടിക്കുന്നിൽ ജലസംഭരണി ഇവ നിർമ്മിക്കുകയും 1853 മീറ്റർ നീളത്തിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുകയും ചെയ്യുന്ന പണി.
10. വെള്ളയമ്പലം ഒബ്സർവേറ്ററി ജലസംഭരണി മുതൽ ആയുർവ്വേദ കോളേജ് കുന്നുംപുറം വരെ 3512 മീറ്റർ നീളത്തിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ.
11. വെള്ളയമ്പലം ഒബ്സർവേറ്ററി ജലസംഭരണി മുതൽ മെഡിക്കൽ കോളേജ് വരെ 4380 മീറ്റർ നീളത്തിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ.
12. (എ) പേരൂർക്കടമുതൽ മണ്ണന്തലവരെ 5232 മീറ്റർ നീളത്തിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ, മണ്ണന്തലയിൽ 4 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണിയുടെ നിർമ്മാണം, പേരൂർക്കട പമ്പ് ഹൗസിൽ പുതിയ രണ്ട് പമ്പുകൾ സ്ഥാപിക്കൽ തുടങ്ങിയ പണികൾ.

    (ബി) കുടപ്പനക്കുന്നുമുതൽ ഇരപ്പുകുഴിവരെ 1457 മീറ്റർ നീളത്തിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുകയും ഇരപ്പുകുഴിയിൽ 2 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണി നിർമ്മിക്കുകയും ചെയ്യുന്ന പണികൾ.
13. അരുവിക്കരയിൽ കാലപ്പഴക്കംകൊണ്ട് ശേഷി കുറഞ്ഞ പമ്പ് സെറ്റുകളും അനുബന്ധ ഇലക്ട്രിക് ഉപകരണങ്ങളും പുനരുദ്ധരിച്ചും, ജലശുദ്ധീകരണശാലയുടെ ശേഷി ക്രമപ്പെടുത്തിയും കൂടുതൽ ശുദ്ധജലം എത്തിക്കുന്ന പണി.

LIBRARY ARCHIVES Kerala Legislative Assembly